കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല-ഫയർ സ്റ്റേഷന് സൗജന്യമായി സ്ഥലവും കെട്ടിടവും വിട്ടു നൽകുന്നതിന് കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 1087/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 10-4-2012

പരാമർശം : 1. കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന്റെ 2-11-2011-ലെ XIII (5)-ാം നമ്പർ തീരുമാനം.

2. കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന്റെ 7-12-2011 -ലെ IV (2) നമ്പർ കത്ത്

3. കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 9-12-2012-ലെ JS IV/2/7-12-2012 നമ്പർ കത്ത്.

ഉത്തരവ്

കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൂത്താട്ടുകുളം വില്ലേജ് ബ്ലോക്ക് C, സർവേ നമ്പർ 588/5-7 -ൽപ്പെട്ട 15 (പതിനഞ്ച്) സെന്റ് സ്ഥലവും IV/60- B നമ്പർ കെട്ടിടവും സൗജന്യമായി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം അനുമതിയ്ക്കായി സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൂത്താട്ടുകുളം വില്ലേജ് ബ്ലോക്ക് C, സർവേ നമ്പർ 588/5-7 -ൽപ്പെട്ട 15 (പതിനഞ്ച്) സെന്റ് സ്ഥലവും IV/60- B നമ്പർ കെട്ടിടവും കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി, സൗജന്യമായി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, കേരളം, തിരുവനന്തപുരം
ഡി.ജി.പി & കമാന്റന്റ്, ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത്, എറണാകുളം-686662
പൊതുഭരണ (എസ്.സി) വകുപ്പ് } 9-11-2011-ലെ ഇനം നം. 729 പ്രകാരം
ആഭ്യന്തര വകുപ്പ് }
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.